Sunday Vol. 14 No. 05 CYCLE - C

# വെർബും ദോമിനി

# VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2024 ഡിസംബർ 25

## പിറവിത്തിരുനാൾ

## കണക്കെടുപ്പിന്റെ കാലത്തിലെ 'തെറ്റിയ കണക്ക്'

ഫാ. ആന്റെണി കുഴിവേലിൽ



സമാധാനപൂർണ്ണവും, ഐശ്വര്യപൂർണ്ണവുമായ ജീവിതത്തിന് ചില കണക്കുകൾ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. മണ്ണിന്റെ കണക്കും, മനുഷ്യന്റെ കണക്കും. തനിക്ക് തുല്യനായി, തന്നെക്കാൾ ഉയർന്നവനായി മറ്റൊരു രാജാവ് ഈ ഭൂമിയിൽ ഉണ്ടാകരുത് എന്നാഗ്രഹിച്ച അഗസ്റ്റസ് സീസർ ലോകം മുഴുവനുമുള്ള സകല മനുഷ്യരുടെയും കണക്കെടുക്കുവാൻ കൽപ്പന പുറപ്പെടുവിക്കുന്നു (ലൂക്കാ 2/1). ഈ കണക്കെടുപ്പിലേക്ക് ദൈവം ഇറങ്ങിവന്ന് ചരിത്രത്തെയും, കാലത്തെയും വിഭജിച്ചു കളയുന്നു. സർവ്വ ആരാധനയ്ക്കും (അഗസ്റ്റസ്) യോഗ്യനെന്ന സ്വയം വിശേഷണത്തെ നിഷ്പ്രഭമാക്കുന്ന സർവ്വശക്തന്റെ ഇടപെടൽ. പ്രവാചക വചനങ്ങൾ കൂട്ടിച്ചേർത്തു വായിച്ചാൽ മാത്രമേ ഈ ഇടപെടലിന്റെ മഹാചരിത്രം വേർതിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ.
ഉൽ. 3/15 മുതൽ രക്ഷയ്ക്കായി സ്രഷ്ടാവ് വ്യക്തികളെയും സ്ഥലത്തെയും കാലത്തെയും പ്രവചനങ്ങൾ കൊണ്ട് രൂപകല്പന ചെയ്യുന്നു. രക്ഷയ്ക്കുവേണ്ടി അവിടുന്ന് തെരഞ്ഞെടുത്ത മണ്ണാണ് 'അപ്പത്തിന്റെ വീട്' എന്നർത്ഥമുള്ള ബെത്‌ലെഹം. 1 സാമു 16/1-ൽ രക്ഷയുടെ വേരായി തീരുവാനുള്ള ദാവീദിനെ അഭിഷേകം ചെയ്യുവാൻ സാമുവലിനെ പറഞ്ഞയച്ചത് ബെത്‌ലെഹംകാരനായ ജെസ്സയുടെ ഭവനത്തിലേക്കാണ്. മിക്ക. 5/2-ൽ ബെത്‌ലെഹമിന്റെ വലിപ്പക്കുറവിനെ മഹത്വവൽക്കരിക്കുന്ന പ്രവചനവും, ലൂക്കാ 2/5-ൽ തന്റെ മനുഷ്യാവതാരത്തിനായി തെരഞ്ഞെടുത്ത യൗസേപ്പിനെയും മറിയത്തെയും ബെത്‌ലെഹമിൽ എത്തിക്കുന്ന ദൈവീക പദ്ധതിയും ചേർത്തു വായിക്കുമ്പോഴാണ് മനുഷ്യന്റെ കണക്കുകൾ തെറ്റിക്കുന്ന ദൈവീക ഇടപെടലുകൾ തിരിച്ചറിയുവാൻ കഴിയുക.
ഏശയ്യ 1/2-3ൽ മനുഷ്യന്റെ തിരിച്ചറിവില്ലായ്മയെയും, മൃഗങ്ങളുടെ തിരിച്ചറിവിനെയും കുറിച്ച് പ്രവാചകന് വെളിപ്പെടുത്തി കൊടുക്കുന്ന ദൈവീക ദർശനത്തിന്റെ മറ്റൊരു മുഖമാണ് ലൂക്കാ 2/6-7ൽ കാണുവാൻ കഴിയുന്നത്. ലാഭനഷ്ടങ്ങളുടെ കണക്ക് നോക്കി അപരന് ജീവിതത്തിൽ ഇടം കൊടുക്കുന്നവർക്ക് ഒരിക്കലും ജീവിതത്തിലേക്കും, ഭവനത്തിലേക്കും ജീവിതത്തിന്റെ ഇരുളകറ്റുന്ന രക്ഷകനെ സ്വീകരിക്കുവാൻ കഴിയുകയില്ല. ബെത്‌ലെഹം നിവാസികൾ പോലും ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ തിരിച്ചറിയുന്നത് ജ്ഞാനികളുടെ സന്ദർശനത്തിനുശേഷം തങ്ങളുടെ മക്കൾ നഷ്ടപ്പെടുന്ന അവസരത്തിലാണ്. ജീവിതത്തിൽ നഷ്ടങ്ങൾ വന്നതിനു ശേഷമല്ല മനുഷ്യൻ ദൈവത്തെ തേടേണ്ടത്. പടിവാതിൽക്കൽ വന്നു മുട്ടിയ രക്ഷയുടെ വചനങ്ങൾ എത്രയോ തവണ അവഗണിച്ചിട്ടുള്ളവരാണ് നാം. അടഞ്ഞ വാതിലുകളുള്ള സത്രം സൂക്ഷിപ്പുകാർക്ക് ദൈവാനുഭവം അന്യമാകും. ജാഗ്രതയുള്ള, ഉണർവ്വുള്ള, ജീവൻ കൊടുക്കാൻ മനസ്സുള്ള ഇടയന്മാരെ പോലെ ജീവിച്ചില്ലായെങ്കിൽ ദൈവീകദൂതുകൾ നഷ്ടപ്പെട്ടുപോകും.
2025 എന്ന മഹാജൂബിലി വർഷം ഉദ്ഘാടനം ചെയ്തുകൊണ്ട് ഫ്രാൻസീസ് പാപ്പ റോമിലെ സെന്റ് പീറ്റേഴ്സ് ബസലിക്കായുടെ കവാടങ്ങൾ തുറന്നു കഴിഞ്ഞു. 29-ാം തീയതി എല്ലാം ബസിലിക്കകളിലും ജൂബിലി വർഷം ഉദ്ഘാടനം ചെയ്തുകൊണ്ട് നാം ഒരു പുതിയ യാത്ര ആരംഭിക്കുവാൻ ഒരുങ്ങുന്ന സമയത്താണ് 2024-ലെ ക്രിസ്തുമസ് ആഘോഷിക്കപ്പെടുന്നത്. 'പ്രത്യാശയുടെ തീർത്ഥാടകരായി' നാം നടത്തുന്ന ജീവിതയാത്ര യഥാർത്ഥ ക്രിസ്ത്യാനുഭവത്തിലേക്ക് നമ്മെ നയിക്കേണ്ടിയിരിക്കുന്നു. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികൾ നമുക്കറിയാം. അവകാശങ്ങൾക്കും, അധികാര പങ്കാളിത്തത്തിനും വേണ്ടി ജാതി സെൻസസ് നടപ്പാക്കണമെന്ന് മുറവിളി കൂട്ടുന്ന, സ്വന്തം ഭൂമിയുടെ റവന്യൂ അവകാശത്തിനുവേണ്ടി സമരം ചെയ്യുന്ന ജനതയുടെ ആത്മനൊമ്പരങ്ങൾ അലയടിക്കുന്ന ഈ കാലത്തിൽ കൂടുതൽ ജാഗ്രതയോടെ മുന്നേറാം.
ഏവർക്കും ക്രിസ്തുമസ് മംഗളാശംസകൾ!

## ആമുഖം

പ്രിയമുള്ളവരെ, സകല ജനതകൾക്കും സന്തോഷത്തിന്റെ സദ്വാർത്തയായി മന്നിൽ മനുഷ്യനായി അവതരിച്ച പൊന്നുതമ്പുരാന്റെ ജന്മദിനം നാം ഇന്ന് ആഘോഷിക്കുകയാണ്. കാലിത്തൊഴുത്തിൽ കാലികൾക്ക് നടുവിൽ വയ്ക്കോൽ തുറുമ്പിന്റെ ചൂടുപറ്റി കിടക്കുന്ന ഒരു ഉണ്ണിയെയാണ് സന്തോഷത്തിന്റെ സദ്വാർത്തയറിഞ്ഞെത്തിയ ആട്ടിടയന്മാർ ദർശിച്ചത്. ഒറ്റ നോട്ടത്തിൽ അവർക്ക് മനസ്സിലായി കാലങ്ങളായി തങ്ങൾ കാത്തിരുന്ന രക്ഷകൻ തന്നെയാണിതെന്ന്. അതുകൊണ്ടാണ് അവർ തങ്ങൾ കണ്ടതും കേട്ടതുമെല്ലാം മറ്റുള്ളവരെയും അറിയിക്കാൻ തിടുക്കം കൂട്ടിയത്. ഇന്ന് തിരുപ്പിറവി ആഘോഷങ്ങൾക്കായി നാം ഇവിടെ ഒരുമിച്ചു കൂടുമ്പോൾ നമ്മുടെ ചിന്താഗതി എന്താണ്? വീട്ടിൽ ഒരുക്കി വച്ചിരിക്കുന്ന മനോഹരമായ പുൽക്കൂടും, വിഭവസമൃദ്ധമായ ഭക്ഷണവും, അതിലുപരി ധരിച്ചിരിക്കുന്ന വിലകൂടിയ വസ്ത്രങ്ങളുടെ ഭംഗിയാസ്വാദനവുമൊക്കെയാണോ? അതോ, അനുഭവിച്ചറിഞ്ഞ യേശുവിന്റെ സന്തോഷവും സമാധാനവും മറ്റുള്ളവർക്ക് കൂടി പകർന്നു നൽകാൻ തിടുക്കം കൂട്ടുന്ന ആട്ടിടയന്മാരുടെ മനോഭാവമാണോ എന്ന് ആത്മശോധന ചെയ്തുകൊണ്ട് ബലിയർപ്പണത്തിനായി നമുക്ക് നമ്മെ തന്നെ ഒരുക്കാം.

## ഒന്നാം വായന

### ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്ന് (62 : 11-12)

*(ഇതാ, നിന്റെ രക്ഷ വരുന്നു)*

ഭൂമിയുടെ അതിർത്തികൾവരെ കർത്താവ് പ്രഘോഷിക്കുന്നു: സീയോൻ പുത്രിയോടു പറയുക, ഇതാ, നിന്റെ രക്ഷ വരുന്നു. ഇതാ, അവിടുത്തെ പ്രതിഫലം അവിടുത്തോടുകൂടെ; സമ്മാനം അവിടുത്തെ മുമ്പിലും. കർത്താവിനാൽ രക്ഷിക്കപ്പെട്ട വിശുദ്ധജനമെന്ന് അവർ വിളിക്കപ്പെടും. അന്വേഷിക്കപ്പെടുന്നവൾ, അപരിത്യക്തനഗരം, എന്നു നീ വിളിക്കപ്പെടും.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (97 : 1+6, 11-12)

**നമ്മുടെമേൽ ഇന്നു പ്രഭാപൂരം വീശും; നമുക്കു കർത്താവു ജനിച്ചിരിക്കുന്നു.**

കർത്താവു വാഴുന്നു; ഭൂമി സന്തോഷിക്കട്ടെ! ദ്വീപസമൂഹങ്ങൾ ആനന്ദിക്കട്ടെ! ആകാശം അവിടുത്തെ നീതിയെ പ്രഘോഷിക്കുന്നു; എല്ലാ ജനതകളും അവിടുത്തെ മഹത്വം ദർശിക്കുന്നു.

**നമ്മുടെമേൽ......**

നീതിമാൻമാരുടെമേൽ പ്രകാശം ഉദിച്ചിരിക്കുന്നു; പരമാർഥഹൃദയർക്കു സന്തോഷമുദിച്ചിരിക്കുന്നു. നീതിമാൻമാരെ, കർത്താവിൽ ആനന്ദിക്കുവിൻ, അവിടുത്തെ വിശുദ്ധനാമത്തിന് കൃതജ്ഞതയർപ്പിക്കുവിൻ.

**നമ്മുടെമേൽ......**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ തീത്തോസിന് എഴുതിയ ലേഖനത്തിൽനിന്ന് (3 : 4-7)

*(അവിടുത്തെ കാരുണ്യംവഴി അവിടുന്നു നമ്മെ രക്ഷിച്ചു)*

നമ്മുടെ രക്ഷകനായ ദൈവത്തിന്റെ നൻമയും സ്നേഹം നിറഞ്ഞ കാരുണ്യവും വെളിപ്പെട്ടപ്പോൾ അവിടുന്നു നമുക്കു രക്ഷ നൽകി; അതു നമ്മുടെ നീതിയുടെ പ്രവൃത്തികൾ കൊണ്ടല്ല; പിന്നെയോ, അവിടുത്തെ കാരുണ്യം മൂലം പരിശുദ്ധാത്മാവിൽ അവിടുന്ന് നിർവഹിച്ച പുനരുജ്ജീവനത്തിന്റെയും നവീകരണത്തിന്റെയും സ്നാനത്താലത്രേ. ദൈവം നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലൂടെയാണ് പരിശുദ്ധാത്മാവിനെ നമ്മുടെമേൽ സമൃദ്ധമായി വർഷിച്ചത്. അവിടുത്തെ കൃപാവരത്താൽ നാം നീതികരിക്കപ്പെടുന്നതിനും നിത്യജീവനെപ്പറ്റിയുള്ള പ്രത്യാശയിൽ നാം അവകാശികളാകുന്നതിനുംവേണ്ടിയാണ് ഇങ്ങനെ ചെയ്തത്.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Lk. 2 : 14) അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം! – അല്ലേലൂയാ!

## സുവിശേഷം

### ലൂക്കായുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന
**(2 : 15 - 20)**

*(ആട്ടിടയന്മാർ മറിയത്തെയും യൗസേപ്പിനേയും ശിശുവിനേയും കണ്ടു)*

ദൂതൻമാർ അവരെവിട്ട്, സ്വർഗത്തിലേക്കു പോയപ്പോൾ ആട്ടിടയൻമാർ പരസ്പരം പറഞ്ഞു: നമുക്ക് ബെത്‌ലെഹംവരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്കു കാണാം. അവർ അതിവേഗം പോയി മറിയത്തെയും ജോസഫിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. അനന്തരം, ശിശുവിനെക്കുറിച്ച് തങ്ങളോടു പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അവർ അറിയിച്ചു. അതു കേട്ടവരെല്ലാം ഇടയൻമാർ തങ്ങളോടു പറഞ്ഞ സംഗതികളെക്കുറിച്ച് അത്ഭുതപ്പെട്ടു. മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു. തങ്ങളോടു പറയപ്പെട്ടതുപോലെ കാണുകയും കേൾക്കുകയും ചെയ്ത സകല കാര്യങ്ങളെയുംകുറിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയും സ്തുതിക്കുകയും ചെയ്തുകൊണ്ട് ആ ഇടയൻമാർ തിരിച്ചുപോയി.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, ലോകം മുഴുവൻ പിറവിത്തിരുനാളിന്റെ ആഹ്ലാദം പങ്കിടുന്ന ഈ സുദിനത്തിൽ ഉണ്ണിയേശു നൽകുന്ന സന്തോഷവും, സമാധാനവും നമ്മുടെ ജീവിതത്തിലും സംജാതമാകുവാൻ വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് നമ്മുടെ പ്രാർത്ഥനകളും, യാചനകളും ദൈവതിരുമുമ്പിൽ സമർപ്പിക്കാം.

1. ദൈവ പിതാവേ, അങ്ങെ തിരുസുതന്റെ പിറവി തിരുനാൾ മഹോത്സവത്തിന്റെ സന്തോഷത്തിലായിരിക്കുന്ന തിരുസഭയെ നവ ജറുസലേമിലേയ്ക്ക് നയിക്കുവാൻ അങ്ങ് നിയോഗിച്ചിരിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ അഭിഷിക്തരെയും, അങ്ങെ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളാൽ നിരന്തരം ശക്തിപ്പെടുത്തണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. നല്ല ദൈവമേ, ബെത്‌ലഹെമിലെ കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണിയേശുവിനെ ആട്ടിടയന്മാർക്കൊപ്പം ആരാധിച്ചു വണങ്ങുമ്പോൾ ദൈവമേ, അങ്ങെ സമാധാനം നേടുവാനും, അങ്ങയെ സ്തുതിക്കുവാനും വേണ്ട എളിമയും, നല്ല മനസ്സും നൽകി എന്നും ഞങ്ങളെ അങ്ങയോടു ചേർത്തു നിർത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. സർവ്വവും പരിപാലിക്കുന്ന ദൈവമേ, തിരുപ്പിറവി ആഘോഷിക്കുന്ന ഈ വേളയിൽ എല്ലാ കുഞ്ഞു മക്കളെയും ഉണ്ണീശോയുടെ സ്നേഹ സംരക്ഷണത്തിനായി സമർപ്പിക്കുന്നു. ഇവരിൽ നിറഞ്ഞിരിക്കുന്ന സ്നേഹവും, നിഷ്കളങ്കതയും കൈമോശം വരാതെ ജീവതത്തിലുടനീളം കാത്തുസൂക്ഷിക്കുവാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. ഈ വിശേഷ ദിനത്തിലും മക്കളുടെ അഭാവം മൂലം അനാഥത്വത്തിന്റെ വക്കിലായിരിക്കുന്നവരുടെ നൊമ്പരമറിയുന്ന നാഥാ, സാമ്പത്തിക ഉന്നമനത്തിനായുള്ള ഓട്ടത്തിനിടയിൽ ജന്മം നൽകിയവരെ മറന്നു പോകുന്ന ഓരോ മക്കൾക്കും വഴിക്കണ്ണുമായി തങ്ങളെ കാത്തിരിക്കുന്ന മാതാപിതാക്കൾക്കുവേണ്ടി അല്പ സമയമെങ്കിലും മാറ്റിവയ്ക്കാനുള്ള നല്ല മനസ്സ് നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. കാരുണ്യവാനായ ദൈവമെ, അങ്ങെ സമാധാനത്തിൽ നിദ്ര പ്രാപിച്ച എല്ലാ ആത്മാക്കളുടെയും മേൽ കരുണ തോന്നണമെ. അങ്ങെ പുത്രനെ ലോകത്തിനു നൽകിയത് ഞങ്ങൾ ഓരോരുത്തരുടെയും ആത്മരക്ഷയ്ക്കാണല്ലോ. ഉണ്ണിയേശുവിന്റെ മനുഷ്യാവതാരത്തിലൂടെ അങ്ങു നൽകുന്ന രക്ഷ മരണമടഞ്ഞ എല്ലാ ആത്മാക്കളുടെമേലും ഉണ്ടാകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : സ്നേഹപിതാവേ, അങ്ങെ തിരുക്കുമാരന്റെ തിരുപ്പിറവിയുടെ മഹനീയ ശക്തിയാൽ ഞങ്ങൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥനകൾ സദയം സ്വീകരിച്ച് അനുഗ്രഹിക്കണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. ജോവാന O. H. F. S.

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

### പ്രവേശന ഗാനം

ബേത്‌ലഹേമിലെ ഒരു പുൽത്തൊഴുത്തിതാ
ഉണ്ണിയേശുവിൻ തിരു ജന്മഗേഹമായ്
വരിക മയക്കമുണർന്നു വിളക്കു തെളിച്ചു പോയിടാം
കുളിരു മറന്നു മനസ്സു തുറന്നു സ്തുതിച്ചു പാടിടാം...
(ബേത്‌ലഹേമിലെ......)

രാജരാജനണഞ്ഞിടുമ്പോൾ
വാനവീഥി അലങ്കരിക്കാൻ
ദേവദൂതരായിരങ്ങൾ
കൂപ്പു കൈയ്യുമായ്
സ്നേഹ ഗീതമുയർത്തിടുന്നു
ഹാലേലൂയാ മുഴക്കിടുന്നു
കാലമേറെ കാത്തിരുന്ന നാളു വന്നിതാ....
മടിക്കാതെ വേഗമങ്ങേ പാദപങ്കജേ....
ഉണർത്താതെ പോയി നൽകാം സ്നേഹചുംബനം
ലല ലാലലാ... ലാലലാ... ലല ലലല്ല ലലല്ല ല...
ലല ലാലലാ... ലാലലാ... ലല ലലല്ല ലലല്ല ല...
(ബേത്‌ലഹേമിലെ......)

### കാഴ്ചവയ്പ് ഗാനം

തളികയിൽ കാഴ്ചയായ്
ബലിയുണർത്തുമാത്മനാഥ സ്നേഹവേദിയിൽ
വരികയായ് തിരികളായ്
നിന്റെ യാഗദീപമായെരിഞ്ഞലിഞ്ഞിടാൻ
ദൈവമേ നിന്നിലെന്നെ ചേർത്തിടാൻ
ദിവ്യമാം കാഴ്ചയായ് സ്വീകരിക്കണേ (2)

അനുപമബലിയായ്.....
പ്രിയകരബലിയായ്.....
സർവ്വവും കാഴ്ച്ചവെച്ചിടാം (2)

മധുരമാം തേൻ നിറഞ്ഞ മലരുപോൽ
കൃപ നിറഞ്ഞ പാവനാത്മ നിറവു നൽകി നീ (2)
മനുജരിൽ സ്നേഹദാന ഭാഗ്യമേകി നീ
എന്നെയും വീണ്ടെടുത്തു നീ...
എന്നെയും വീണ്ടെടുത്തു നീ... (അനുപമ..........)

### ദിവ്യകാരുണ്യ ഗാനം

ഹൃദയമാം ബെത്‌ലഹേം ഒരുക്കീടാം യേശുവേ
താഴ്മയുള്ള പുൽക്കൂടു പോലെ (2)
ദിവ്യകാരുണ്യമായ് താണിങ്ങൂ തിങ്കളെ (2)
നിന്റെ വരവിൽ ഉൾത്തടം പറുദീസയായ് മാറും (2)
(ഹൃദയമാം......)

നീട്ടിടുന്ന കൈകളിൽ
സ്വർഗ്ഗം താണിറങ്ങീടും
സത്യമിന്നു കാണ്മൂ ഞാൻ
വിശ്വസിപ്പൂ പൂർണ്ണമായ്
നാവിലൊരു തേൻ കനലുപോൽ
ശുദ്ധി ചെയ്യും സ്പർശനം
അങ്ങു നൽകും വേളയിൽ
ആത്മനാൽ നിറഞ്ഞിടും

പുണ്യത്തിൻ പൂക്കളെന്നിൽ വിരിഞ്ഞിടും
സ്നേഹത്തിൻ ദീപനാളം തെളിഞ്ഞിടും
എന്നെന്നും ഉള്ളിന്നുള്ളിൽ നീ വസിക്ക
എന്നുള്ളം നിന്റേതായ് മാറ്റീടുക (2) (ഹൃദയമാം......)

| Dec | വിശുദ്ധർ | വായനകൾ |
|---|---|---|
| 23 Mon | St. John of Kanty | Mal 3: 1-4. 23-24/ Ps 25: 4-5ab. 8-9. 10 and 14/ Lk 1: 57-66 |
| 24 Tue | St. Adele | 2 Sam 7: 1-5. 8b-12. 14a. 16/ Ps 89: 1-2. 3-4. 26+28/ Lk 1: 67-79 |
| 25 Wed | St. Eugenia | Is 62: 11-12/ Ps 97: 1. 6. 11-12/ Tit 3: 4-7/ Lk 2: 15-20. |
| 26 Thu | St. Stephen | Act 6: 8-10; 7: 54-59/ Ps 31: 3cd-4. 6 and 8ab. 16bc and 17/ Mt 10: 17-22 |
| 27 Fri | St. John the Apostle | 1 Jn 1: 1-4/ Ps 97: 1-2. 5-6. 11-12/ Jn 20: 1a and 2-8 |
| 28 Sat | St. Anthony the Hermit | 1 Jn 1: 5 -- 2: 2/ Ps 124: 2-3. 4-5. 7b-8/ Mt 2: 13-18 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

Radio Maria Association
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.